**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരസഭകളിലെ വസ്തുനികുതി പരിഷ്കരണം - കൊട്ടാരക്കര നഗരസഭയുടെ വസ്തു നികുതി പ്ലിന്ത് ഏരിയ അടിസ്ഥാനത്തിൽ പരിഷ്കരിക്കുന്നതിന്റെ പ്രാബല്യ തീയതി 01.04.2016 ആയി പുതുക്കി നിശ്ചയിച്ചും കുടിശ്ശിക തുകയ്ക്ക് പൂർണ്ണമായി പിഴ ഒഴിവാക്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ആർ.സി.) വകുപ്പ്**

സ.ഉ.(സാധാ)നം.542/2020/തസ്വഭവ. തിരുവനന്തപുരം, തീയതി: 04.03.2020

പരാമർശം:
1. സ.ഉ.(സാധാ)നം.474/2019/തസ്വഭവ തീയതി.01.03.2019.
2. സ.ഉ.(സാധാ)നം.540/2019/തസ്വഭവ തീയതി.06.03.2019.
3. കൊട്ടാരക്കര നഗരസഭ കൗൺസിലിന്റെ 22.12.19 ലെ 22-ാം തീരുമാനം.
4. കൊട്ടാരക്കര നഗരസഭ ചെയർപേഴ്സന്റെ 30.12.2019 ലെ ആർ15907/17 നമ്പർ കത്ത്.
5. നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർ കൊല്ലത്തിന്റെ 29.01.2020 ലെ സി199/2020 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

നഗരസഭകളിലെ നിലവിലുള്ള കെട്ടിടങ്ങൾക്ക് പ്ലിന്ത് ഏരിയ അടിസ്ഥാനത്തിൽ വസ്തു നികുതി പരിഷ്കരണം വരുത്തുന്നതിന്റെ പ്രാബല്യ തീയതി 01.04.2013 ആയിരുന്നത് 01.04.2016 ആയി നിശ്ചയിച്ച് പരാമർശം(2) പ്രകാരം ഉത്തരവായിരുന്നു. 2015 നവംബറിനു മുൻപ് ഗ്രാമപഞ്ചായത്തായിരുന്ന കൊട്ടാരക്കര നഗരസഭയ്ക്ക് പ്ലിന്ത് ഏരിയ അടിസ്ഥാനത്തിൽ വസ്തു നികുതി പരിഷ്കരണം വരുത്തുന്നതിന്റെ പ്രാബല്യ തീയതി 01.04.2016 ആയി നിശ്ചയിക്കുവാൻ പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ടായിരുന്നു. ഇത് നഗരസഭാതലത്തിൽ വസ്തു നികുതി കണക്കാക്കി നികുതി പിരിവ് നടത്തുന്നതിന് തടസ്സം സൃഷ്ടിച്ചതായും നികുതി പിരിവ് നിർത്തിവയ്ക്കേണ്ട സാഹചര്യം സംജാതമായിട്ടുള്ളതായും പരാമർശം (4), (5) പ്രകാരം അറിയിച്ചിരുന്നു. കൊട്ടാരക്കര നഗരസഭയിലെ കെട്ടിടങ്ങൾക്ക് പ്ലിന്ത് ഏരിയ അടിസ്ഥാനത്തിൽ വസ്തു നികുതി പരിഷ്കരണം വരുത്തുന്നതിന്റെ പ്രാബല്യ തീയതി 01.04.2013 ആയിരുന്നത് 01.04.2016 ആയി നിശ്ചയിച്ച് നൽകുന്നത് ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കുമെന്ന് പരാമർശം (5) പ്രകാരം നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർ കൊല്ലം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊട്ടാരക്കര നഗരസഭയിലെ കെട്ടിടങ്ങൾക്ക് പ്ലിന്ത് ഏരിയ അടിസ്ഥാനത്തിൽ വസ്തു നികുതി പരിഷ്കരണം വരുത്തുന്നതിന്റെ പ്രാബല്യ തീയതി 01.04.2016 ആയി പുതുക്കി നിശ്ചയിച്ചും കുടിശ്ശിക തുകയ്ക്ക് പൂർണ്ണമായും പിഴ ഒഴിവാക്കിയും ഉത്തരവാകുന്നു.

നഗരസഭാ പരിധിയിലുള്ള കെട്ടിടങ്ങളുടെ വസ്തു നികുതി നിരക്കുകൾ സംബന്ധിച്ച് സർക്കാർ ഉത്തരവുകൾക്ക് വിധേയമായി നഗരസഭാ കൗൺസിൽ തീരുമാനം കൈക്കൊള്ളേണ്ടതും അത് സർക്കാരിനേയും ഇൻഫർമേഷൻ കേരള മിഷനേയും അറിയിയ്ക്കേണ്ടതുമാണ്. സഞ്ചയ സോഫ്റ്റ് വെയറിൽ ആവശ്യമായ ക്രമീകരണങ്ങൾ സമയബന്ധിതമായി വരുത്തുന്നതിന് ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ അടിയന്തരമായി നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സബിത.എസ്.ഡി**

ഡെപ്യൂട്ടി സെക്രട്ടറി

ചെയർപേഴ്സൺ, കൊട്ടാരക്കര നഗരസഭ
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, കൊട്ടാരക്കര നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് /എ&ഇ/എൽ.ബി.എ), തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ.
തദ്ദേശസ്വയംഭരണ (ഡി എ) വകുപ്പ്.
തദ്ദേശസ്വയംഭരണ (എഫ് എം) വകുപ്പ്.
തദ്ദേശസ്വയംഭരണ (ഐ ബി) വകുപ്പ്.
തദ്ദേശസ്വയംഭരണ (ആർ.ഡി.) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഐ. & പി. ആർ. ഡി. - വെബ് & ന്യൂ മീഡിയ.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.(ആർ.സി.99/2020/തസ്വഭവ)

ഉത്തരവിൻ പ്രകാരം,

Danny MS

സെക്ഷൻ ഓഫീസർ